Deshabhimani 01.01.18

## വൈഗ സമാപിച്ചു

# കോക്കനട്ട് മിഷൻ രൂപീകരിക്കും

● സ്വന്തം ലേഖകൻ

**തൃശൂർ >** കൃഷിവകുപ്പ് വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര പ്രദർശനവും ശിൽപ്പശാലയുമായ 'വൈഗ 2017' ന് ഉജ്വല സമാപനം. തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ, നാളികേരം എന്നിവയുടെ മൂല്യവർധിത മേഖലയിൽ സമഗ്രവികസനത്തിന് ഊന്നൽ നൽകിയാണ് വൈഗ സംഘടിപ്പിച്ചത്. നാല് മേഖലയിലും വിശദമായ പദ്ധതി രൂപീകരണത്തിന് കോ-ഓർഡിനേഷൻ സംവിധാനം ഉടൻ രൂപീകരിക്കുമെന്ന് മന്ത്രി വി എസ് സുനിൽകുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നാളികേരത്തിന്റെ സമഗ്രവികസനത്തിന് കൃഷിമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കും. മറ്റു മൂന്ന് വിഷയങ്ങൾ ആസ്പദമാക്കി കാർഷികോൽപ്പാദന കമീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കും. എപിഇഡിഎ, കെഎയു, സിപിസിആർഐ, സിഡിബി, എഫ്പിഒഎസ്, എസ്എഫ്എസി, ഐഐഎംആർ, ഐഐഎഫ്പിടി, വിഎഫ്പിസികെ, എസ്എച്ച്എം, ഐഐഎഫ്ടിആർ, ഐഐഎഫ്ബി, ദേശീയ ബി ബോർഡ്, ഹണി മിഷൻ, ഔഷധി എന്നിവരെ ഉൾപ്പെടുത്തിയാവും കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക. വിവിധ ഏജൻസികൾക്കു പുറമെ കർഷക പ്രതിനിധികൾ, ഫാർമർ പ്രൊഡ്യൂസർ, കമ്പനി പ്രതിനിധികൾ എന്നിവരും അംഗങ്ങളാകും. കർഷക കേന്ദ്രീകൃതമായ രീതിയിലാവും കമ്മിറ്റികളുടെ പ്രവർത്തനം.

പദ്ധതികൾ, നിലവിലെ പോരായ്മകൾ, പദ്ധതിനിർദേശങ്ങൾ എന്നിവ തയ്യാറാക്കി ഏജൻസികൾ ജനുവരി 15നകം സമർപ്പിക്കും. തുടർന്ന് ശിൽപ്പശാല നടത്തി തീരുമാനമെടുക്കും. വിശദമായ പദ്ധതി ഫെബ്രുവരിയിൽ നിയമസഭയുടെ അംഗീകാരത്തോടെ, 2018 ജൂണിൽ ആരംഭിക്കും. നാളികേരം സംബന്ധിച്ച് പത്തുവർഷം നീണ്ടുനിൽക്കുന്ന സമഗ്രവികസന പദ്ധതിയാണ് നടപ്പാക്കുക. ആദ്യഘട്ടം 2018 - 2021 വർഷങ്ങളിൽ നടപ്പാക്കും. വിവിധ പദ്ധതിനടത്തിപ്പിൽ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സർവകലാശാലകളുടെയും സംയോജനമാണ് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വൈഗ പ്രദർശനത്തിൽ സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു. മൂല്യവർധന മേഖലയിൽ ഈ വർഷം 27 കോടി രൂപയുടെ പദ്ധതികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചു. കൃഷി വകുപ്പിനൊപ്പം, കേരള കാർഷിക സർവകലാശാല, സമേതി തുടങ്ങിയവർ സംയുക്തമായാണ് വൈഗ ശിൽപ്പശാല സംഘടിപ്പിച്ചത്. രണ്ടായിരത്തിലേറെ കർഷകരും 460 യുവസംരംഭകരും വൈഗയിൽ രജിസ്റ്റർ ചെയ്തു. അഞ്ചുലക്ഷത്തോളം പൊതുജനങ്ങൾ വൈഗ സന്ദർശിച്ചു. ഏഴു രാജ്യങ്ങളിൽനിന്നുള്ള വിദേശപ്രതിനിധികൾ പങ്കെടുത്തു.

കെ രാജൻ എംഎൽഎ, കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു, കാർഷികവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.